"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെ ആറ്റിങ്ങൽ - അവനവഞ്ചേരി ഗ്രൂപ്പ് വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2884/2024/RD തീയതി,തിരുവനന്തപുരം, 04-12-2024

---

പരാമർശം:-
1. 07.08.2017-ലെ സ.ഉ (പി) നം. 102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ (എംഎസ്) നം. 1/2022/പൊ.മ.വ നമ്പർ സർക്കാർ ഉത്തരവ്
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.09.2024, 21.11.2024 തീയതികളിലെ എൽആർ/8926/2024-എൽആർ(ജി7) നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെ ആറ്റിങ്ങൽ-അവനവഞ്ചേരി ഗ്രൂപ്പ് വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മേൽക്കൂര ജീർണ്ണിച്ച് അപകടാവസ്ഥയിലായതിനാൽ പ്രസ്തുത വില്ലേജാഫീസ് 19/07/2023 മുതൽ ശ്രീ.രാജേന്ദ്രൻ, ആനന്ദ് വില്ല, ആറ്റിങ്ങൽ എന്നവരുടെ ഉടമസ്ഥതയിലുള്ളതും ആറ്റിങ്ങൽ-അവനവഞ്ചേരി വില്ലേജിൽ റീസർവ്വെ നമ്പർ 1212/5, 1212/5-1, 1212/5-2, 1212/10, 1212/11-ൽ ഉൾപ്പെട്ടതും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ 30/303 നമ്പറിലുള്ളതുമായ കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 39.03 ച.മീ. ന് ആനുപാതികമായി 6,037/- രൂപയും കെട്ടിടത്തിന്റെ ഒക്കുപൈഡ് കാർപ്പെറ്റ് ഏരിയയായ 107.06 ച.മീ ന് ആനുപാതികമായി 16,560/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് ജീവനക്കാർക്ക് ഉപയോഗിക്കുന്നതിന് പുറമെ പൊതുജന സൗഹൃദമെന്ന രീതിയിൽ ജനങ്ങൾക്ക് ഇടപഴകുന്നതിനുള്ള സൗകര്യവും ഉള്ള രീതിയിലാണ് വില്ലേജാഫീസുകൾ പ്രവർത്തിച്ചു വരുന്നതെന്നും ഓഫീസ് റിക്കാർഡുകളും ഫയലുകളും സൂക്ഷിക്കുന്നതിനും അധിക സ്ഥലം ആവശ്യമാണെന്നും ആയതിനാൽ പൊതുജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ വാടക നിർണ്ണയിക്കുന്നതിനായി ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ കാർപ്പറ്റ് ഏരിയ കണക്കാക്കുന്നതും വാടക നിർണ്ണയിക്കുന്നതും അപര്യാപ്തമാണെന്നും ആയതിനാൽ ആറ്റിങ്ങൽ-അവനവഞ്ചേരി ഗ്രൂപ്പ് വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്കുപൈഡ് കാർപ്പെറ്റ് ഏരിയയ്ക്കുള്ള വാടകയായ 16,560/- രൂപ 19/07/2023 മുതൽ നിർണ്ണയിച്ച് നൽകണമെന്നും ബന്ധപ്പെട്ട രേഖകൾ സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെ ആറ്റിങ്ങൽ-അവനവഞ്ചേരി ഗ്രൂപ്പ് വില്ലേജ് ഓഫീസ് 19/07/2023 മുതൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യുപൈഡ് കാർപ്പെറ്റ് ഏരിയയായ 107.06 ച.മീ ന് ആനുപാതികമായി 16,560/- രൂപ (പതിനാറായിരത്തി അഞ്ഞൂറ്റി അറുപത് രൂപ) സ്പെഷ്യൽ റെന്റ് ആയി നിർണ്ണയിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാഹുൽ എ രാജ് കെ എ എസ്

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

പൊതുമരാമത്ത് വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ വിഭാഗം)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
Date: 04-12-2024 11:08:07

സെക്ഷൻ ഓഫീസർ